"ഭരണഭാഷ- മാതൃഭാഷ"



## കേരള സർക്കാർ

### സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ്- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഉല്പാദിപ്പിക്കുന്ന ഖാദി മാർക്ക് ലേബൽ പതിപ്പിച്ച ഖാദി തുണിത്തരങ്ങൾ വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെണ്ടർ നടപടി കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന് - സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.53/2024/SPD   തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:- 1. 01/10/2022-ലെ സ.ഉ(സാധാ)നം.60/2022/SPD നം. സർക്കാർ ഉത്തരവ്.

2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സമർപ്പിച്ച31/10/2023 - ലെ കെ.ബി.9809/16/കെ1 നം. കത്ത്.

### ഉത്തരവ്

ഖാദിയുടെ പ്രചരണാർത്ഥം സംസ്ഥാനത്ത് ആരോഗ്യമേഖലയിലും, വിദ്യാഭ്യാസ മേഖലയിലും, സർക്കാർ ഓഫീസുകളിലും ഖാദിതുണിത്തരങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വില്പന നടത്തുന്നതിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് പരാമർശം (1) പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ സാധുത കാലാവധി30/09/2023-ന് അവസാനിച്ച സാഹചര്യത്തിൽ, ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഉല്പാദന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്നതും, കേന്ദ്ര സർക്കാരിന്റെ ഖാദി മാർക്ക് ലേബൽ പതിപ്പിച്ചതുമായ ഖാദി തുണിത്തരങ്ങൾ, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നിശ്ചയിക്കുന്ന കോസ്റ്റ് ചാർട്ട് പ്രകാരമുള്ള വിലയിൽ അധികരിക്കാതെ , വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി കൂടാതെ, നേരിട്ട് വിപണനം നടത്തുന്നതിന്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ, ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ഇളവ് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തുണിത്തരങ്ങളുടെ ആവശ്യകത അറിയിക്കുന്നതനുസരിച്ച്, മേൽ നിബന്ധനകൾക്ക് വിധേയമായി ഖാദി ബോർഡിന് നേരിട്ട്, ഖാദി തുണിത്തരങ്ങൾ വിപണനം നടത്താവുന്നതാണ്. അഖിലേന്ത്യ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ സർട്ടിഫൈ ചെയ്യിട്ടില്ലാത്തതും, കേന്ദ്രസർക്കാരിന്റെ ഖാദി മാർക്ക് നിയമ പ്രകാരം ഖാദി മാർക്ക് ലേബൽ പതിച്ചിട്ടില്ലാത്തതുമായ തുണിത്തരങ്ങൾക്ക് ഈ ഇളവ് ബാധകമല്ല. ടി ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്ത ഉല്പന്നങ്ങളുടെ വിപണനം കർശനമായും സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത എസ്

ജോയിന്റ് സെക്രട്ടറി

എല്ലാ വകുപ്പ് തലവന്മാർ/ ഓഫീസുകൾ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളേയും വിവരം അറിയിക്കുന്നതിന്)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/ എറണാകുളം/ കോഴിക്കോട്.

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, വഞ്ചിയൂർ, തിരുവനന്തപുരം - 695035.

വ്യവസായ (കെ) വകുപ്പ് (IND-K1/375/2023-IND നം. ഫയൽ പ്രകാരം)

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം. (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ചേർക്കുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് തിരുവനന്തപുരം. (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ